CYAN MAGENTA YELLOW BLACK

പേജ് 20 വില 7.00

# പ്രതിച്ഛായ

www.pratichaya.com

●വാല്യം 3 ●ലക്കം 2 ● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു ● 30 സെപ്റ്റംബർ 2009



## ഒക്ടോബർ 2 അന്തർദേശീയ അഹിംസാദിനം

**പ്രൊഫ. കെ. എം. മാത്യു**

അഹിംസയുടെ വാചാലനായ വക്താവും ശക്തനായ പ്രയോക്താവുമായിരുന്ന നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ജന്മദിനം-ഗാന്ധിജയന്തി-അന്തർദേശീയ അഹിംസാദിനമായി 2007 ഒക്ടോബർ 2ന് ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചതോടെ ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യയുടെ യശസ്സുയർന്നു. അതോടൊപ്പം ഗാന്ധിദർശനത്തിന് സാർവത്രികാംഗീകാരം ലഭിക്കുകയും ചെയ്തു.

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യശക്തിയെ അഹിംസാത്മകവും ഐതിഹാസികവുമായ സമരത്തിലൂടെ കടപുഴക്കിയെറിഞ്ഞ് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിത്തന്ന ദേശീയ മുന്നേറ്റത്തിന്റെ നടുനായകത്വം വഹിച്ച മഹാത്മജി ആവിഷ്ക്കരിച്ച് പൂർണവിജയത്തിലെത്തിച്ച അഹിംസാത്മക സത്യഗ്രഹ സഹനസമരത്തിലൂടെയാണ് പിന്നീടു നിരവധി ഏഷ്യനാഫ്രിക്കൻ രാജ്യങ്ങൾ വിദേശനുകം വലിച്ചെറിഞ്ഞ് സ്വാതന്ത്ര്യത്തിന്റെ ശീതളഛായയിലെത്തിയത്.

സ്വജീവിതത്തെ ഒരു ശാന്തിയാത്രയും സത്യാന്വേഷണ പരീക്ഷണവുമായി മഹത്വീകരിച്ച ഗാന്ധിജിയുടെ വിശ്വാസവും വാളെടുക്കുന്നവൻ വാളാലെ എന്നുതന്നെയായിരുന്നു. ഹിംസ ഒന്നിനും പരിഹാരമാകില്ലെന്നും അഹിംസ മാത്രമേ ശാന്തി സംജാതമാക്കൂ എന്നും അദ്ദേഹം തെളിയിച്ചു.

മതസഹിഷ്ണുതയും അതിലുപരി മതസൗഹാർദവും ലോകസമാധാനവും ഉയർത്തിപ്പിടിച്ചുകൊണ്ടു നടത്തിയ ഒരു സഹനയാത്രയായിരുന്നു മഹാത്മജിയുടെ ജീവിതം ആദ്യന്തം. പ്രവാചകതുല്യമായിരുന്നു അദ്ദേഹത്തിന്റെ വാക്കുകളും പ്രവൃത്തികളും.

അഹിംസയോടുള്ള അഭിനിവേശമാണ് മഹാത്മജിയെ തന്റെ ജീവിതം ഒരു ശാന്തിയാത്രയാക്കി മഹത്വീകരിക്കാൻ പ്രേരിപ്പിച്ചത്. എല്ലാ തലങ്ങളിലുമുള്ള സമാധാനത്തിന്റെ സന്ദേശവാഹകനായിരുന്നു ഗാന്ധിജി. ശാശ്വത സമാധാനത്തിൽ അവിശ്വസിക്കുന്നതു തന്നെ മനുഷ്യപ്രകൃതത്തിൽ അന്തർലീനമായ ഈശ്വരാംശത്തിന്റെ നിഷേധമാണെണ് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്.

ശ്മശാനമൂകത തളംകെട്ടി നില്ക്കുന്ന ചുടലക്കളത്തിലെ അചേതനമായ ശാന്തതയല്ല ഗാന്ധിജി വിഭാവനം ചെയ്തത്. സഹഭാവം പുലർത്തി പരസ്പരസഹവർത്തിത്വം സുനിശ്ചിതമാക്കുന്ന ഒരു അന്തരീക്ഷത്തിൽ മാത്രമേ സചേതനവും ക്രിയാത്മകവുമായ ജനജീവിതം സാധ്യമാകൂ എന്ന് മഹാത്മജി വിശ്വസിച്ചിരുന്നു.



***ചൂണ്ടുവിരൽ:*** *ഗാന്ധിജി ജനസഹസ്രങ്ങളെ അഭിസംബോധന ചെയ്യുന്നു.*

രക്തസാക്ഷിത്വത്തിലൂടെ സ്വജീവിതം മഹാത്മജി അനശ്വരമാക്കി. ഏബ്രഹാം ലിങ്കൺ, മാർട്ടിൻ ലൂഥർകിംഗ്, ജോൺ എഫ്. കെന്നഡി, ഇന്ദിരാഗാന്ധി, രാജീവ് ഗാന്ധി........ രക്തസാക്ഷിത്വം വഴി മഹത്വീകരിക്കപ്പെട്ടവർ പലരുണ്ട്. അവർ ഗാന്ധിജിക്ക് സമന്മാരല്ലെങ്കിൽപോലും.

മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വദിനമായ ജനുവരി 30 ഇന്ത്യയിൽ വിശ്വശാന്തിദിനമായി ആചരിക്കപ്പെടുന്നത് ആ മഹാത്മാവിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ രാഷ്ട്രം അർപിക്കുന്ന പ്രണാമമമാണ്.

ആർജവമനസ്കതയായിരുന്നു മഹാത്മജിയുടെ മുഖമുദ്ര. ഇരട്ടത്താപ്പും മൂടുപടവും മുഖംമൂടിയുമൊക്കെ ഗാന്ധിദർശനത്തിൽ ആയിരം കാതം അകലെയാണ്. സത്യാവബോധത്തിന്റെ ആൾരൂപമായിരുന്നു ഗാന്ധിജി.

3 >>

## ഗുണ്ടാരാജ് ജനാധിപത്യത്തിന്റെ അടിത്തറ ഇളക്കി

**കെ.എം.മാണി**

ഭരണത്തിന് നേതൃത്വം നല്കുന്ന സിപിഎമ്മിന്റെ ഒത്താശയോടുകൂടിയുള്ള ഗുണ്ടാരാജ് സംസ്ഥാനത്ത് ജനാധിപത്യത്തിന്റെ അടിത്തറ ഇളക്കിയിരിക്കുകയാണെന്ന് കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി ആരോപിച്ചു. കേരളാ യൂത്ത് ഫ്രണ്ട് (എം) സംസ്ഥാനകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ സെക്രട്ടറിയേറ്റ് ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം.

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കുക എന്ന അടിസ്ഥാന ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ ഇടതു സർക്കാർ പൂർണമായും പരാജയപ്പെട്ടിരിക്കുന്നു. ക്വട്ടേഷൻ സംഘങ്ങളുമായും മാഫിയസംഘങ്ങളുമായും ഭരണതലപ്പത്തുള്ളവരുടെ അവിശുദ്ധബന്ധമാണ് സർക്കാരിന്റെ കെടുകാര്യസ്ഥതയ്ക്കും പോലീസിന്റെ നിഷ്ക്രിയതയ്ക്കും കാരണം.

4 >>



*സംസ്ഥാനത്തെ ഗുണ്ടാരാജിനെതിരെയും ആഭ്യന്തരമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടും കേരളാ യൂത്ത് ഫ്രണ്ട് (എം) നടത്തിയ സെക്രട്ടേറിയറ്റ് ധർണ കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.*


*അനുസ്മരണം*



രാജാരവിവർമ (1848–1906) 14

*മുഖപ്രസംഗം*
കേരളത്തിൽ സംഭവിക്കുന്നതെന്ത്? 2

*അവലോകനം*
മനുഷ്യ ചങ്ങലകളും മനുഷ്യ മതിലുകളും ആർക്കുവേണ്ടി? 4
ബോബി കെ. മാത്യു

*രാഷ്ട്രീയകേരളം*
ഭീഷണി മാധ്യമങ്ങൾക്കും 5
സാബു ജോൺ

*ചെറുകഥ*
നെപ്പോളിയന്റെ കടം 6
ഉല്ലല ബാബു

*കണ്ണിനും കണ്ണാടിക്കും*
കുരുതിച്ചോര നുണയുന്ന ടിപ്പർ ലോറികൾ 7
എസ്. കൃഷ്ണദാസ്

*ജർമൻ ഡയറി*
അറിവിന്റെ മുത്തശ്ശി ഹൈഡൽബർഗ് സർവകലാശാല 8
ജോർജ് കുറ്റിക്കാട്ട്

*സമകാലികം*
ഇ-ലേണിംഗും മൂന്നാം തരംഗവും 9
ജോസാന്റണി

ബാലലോകം 10

*ഫ്ളാഷ്ബാക്ക്*
ഗ്രൗണ്ട് സീറോ! 12
തേക്കിൻകാട് ജോസഫ്

*പതിമൂന്നാം പേജ്*
നാരദൻ
മൊഴിയും മറുമൊഴിയും 13
ചാണക്യൻ

*പുനരാഖ്യാനം*
മഹാഭാരതം 15
സവ്യസാചി

ന്യൂസ് ഡയറി 19
പി.ആർ.

മറ്റു പംക്തികളും


CYAN MAGENTA YELLOW BLACK

പ്രതിച്ഛായ
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക
വാല്യം 3 ലക്കം 2
30 സെപ്റ്റംബർ 2009
ചീഫ് എഡിറ്റർ: പ്രൊഫ. ഡോ. കുര്യാസ് കുമ്പളക്കുഴി

*ഒരു ജനപ്രിയ ഭരണത്തിന്റെ കാതൽ*
*അതിക്രമങ്ങൾ ഫലപ്രദമായി അമർച്ച ചെയ്യാനുള്ള കഴിവാണ്.*
*- ജോൺ ആഡംസ്*

# കേരളത്തിൽ സംഭവിക്കുന്നതെന്ത് ?

**കേ**രളത്തിലെന്തൊക്കെയാണു സംഭവിക്കുന്നത്? ക്വട്ടേഷൻ സംഘങ്ങളുടെ മുൾമുനയിൽ നില്ക്കാനോ മൂന്നാം സഹസ്രാബ്ദ പ്രഭാതത്തിൽ കേരളത്തിന്റെ വിധി? അവർക്കു സംരക്ഷണവും പ്രോത്സാഹനവും നല്കാനോ നമുക്കൊരു ഗവൺമെണ്ട്?

മൃഗങ്ങളിൽ നിന്ന് ഒരു പടി മാത്രം മുന്നോട്ടു നീങ്ങി മനുഷ്യനായി മാറിയ നമ്മുടെയൊക്കെയുള്ളിന്റെയുള്ളിൽ പഴയ മൃഗങ്ങൾ കുടിപാർക്കുന്നുണ്ട്. പക്ഷേ, അവയുടെ പല്ലും നഖവുമെല്ലാം ഒരിക്കലും പുറത്തുവരാനാവാത്തവിധം വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും ആത്മശക്തികൾ നമുക്കു സംരക്ഷണം നല്കുന്നു. പക്ഷേ ആ ശക്തികൾ ദുർബലങ്ങളായാലോ? അവ ദേവശക്തികൾക്കുമേൽ ആധിപത്യം സ്ഥാപിക്കുന്ന അസുരശക്തികളായി മാറിയാലോ? ജനജീവിതം ദുസ്സഹമാകും. സമൂഹത്തിൽ നിന്നു ശാന്തിയും സമാധാനവും അപ്രത്യക്ഷമാകും. അക്രമങ്ങളും അധാർമിക വൃത്തികളും അരങ്ങുവാഴും.

അതാണിന്നു കേരളത്തിൽ സംഭവിച്ചിരിക്കുന്നത്. അതിനർത്ഥം ഇതിനുമുമ്പ് ഇങ്ങനെയൊന്നും സംഭവിച്ചിട്ടില്ലെന്നല്ല. ഗുണ്ടകളും പിടിച്ചുപറിക്കാരും സ്ത്രീപീഡകരും മോഷ്ടാക്കളും എല്ലാക്കാലത്തുമുണ്ട്. അവരെ അമർച്ച ചെയ്തു ജനങ്ങൾക്ക് സുരക്ഷിതത്വബോധം പ്രദാനം ചെയ്യാൻ അന്നത്തെ ഗവൺമെണ്ടുകൾക്കു കഴിഞ്ഞിരുന്നു. പക്ഷേ ഇന്നത് നടക്കുന്നില്ല.

അക്രമികളുടെ കത്തിമുനയിൽ ഓരോ ജീവിതം പൊലിയുമ്പോഴും ശക്തമായ നടപടികൾ എടുക്കും എന്ന പ്രഖ്യാപനമുണ്ടാകും. എവിടെ നിന്നോ, ആരെയൊക്കെയോ അറസ്റ്റു ചെയ്യും. വാർത്ത കൊടുക്കും. പതുക്കെപ്പതുക്കെ അത് കെട്ടടങ്ങും. ജനങ്ങൾ പിന്നെയത് മറക്കുകയും ചെയ്യും.

പക്ഷേ, പതിവിൽ നിന്നു വ്യത്യസ്തമായി പോൾ വധക്കേസ് കേരളത്തെ ഇളക്കിമറിക്കുകയാണ്. എന്തുചെയ്യണമെന്നറിയാതെ പോലീസിന്റെ അന്വേഷണ സംഘങ്ങൾ പകച്ചുനില്ക്കുമ്പോൾ മാധ്യമങ്ങളിൽ വാർത്തകൾ നിറയുന്നു. അതുകണ്ടു രാഷ്ട്രീയ നേതാക്കൾക്കു സ്വാസ്ഥ്യം നഷ്ടപ്പെടുന്നു. അവർ വാർത്താമാധ്യമങ്ങൾ കേസന്വേഷിക്കേണ്ടാ എന്നു മുന്നറിയിപ്പു നല്കി വാർത്താ സമ്മേളനങ്ങൾ നടത്തുന്നു. മാധ്യമങ്ങൾക്കു ദിവ്യദൃഷ്ടിയുണ്ടോ എന്നു പരിഹാസ്യമായ ചോദ്യങ്ങൾ ചോദിക്കുന്നു. മാധ്യമപ്രവർത്തകരെയും പോലീസ് ചോദ്യംചെയ്യണമെന്നു ഭീഷണിപ്പെടുത്തുന്നു.

ഒരു വധക്കേസിന്റെ പേരിൽ ചില രാഷ്ട്രീയ നേതാക്കൾ ഇത്രയേറെ അസ്വസ്ഥരാകുന്നതെന്തിനാണ്? പ്രകോപിതരാകുന്നതെന്തിന്? ഒരു മന്ത്രിപുത്രന്റെ പേര് കേസുമായി ബന്ധപ്പെട്ടു കേൾക്കുന്നതുകൊണ്ടോ? എങ്കിൽ നിരപരാധിത്വം തെളിയിക്കാൻ അച്ഛൻമന്ത്രി തന്നെ മുന്നിട്ടിറങ്ങുന്നതല്ലേ ജനാധിപത്യ ധാർമികത? ഇതിനുമുമ്പും കേരളത്തിൽ ധാരാളം മന്ത്രിമാരുണ്ടായിട്ടുണ്ടല്ലോ. അവർക്കും പുത്രന്മാരുണ്ടായിരുന്നല്ലോ. വളരെ ചുരുക്കം ചില മക്കളെപ്പറ്റി പരാതികളും ഉയർന്നിട്ടുണ്ടല്ലോ. പക്ഷേ, അന്നൊന്നും ഇത്തരത്തിൽ ശൃംഖലിതമായ ആരോപണങ്ങൾ ഒരാൾക്കെതിരേ ഉന്നയിക്കപ്പെട്ടിട്ടില്ല.

**ഇന്ത്യൻ ഭരണഘടന ഓരോ പൗരന്റെയും ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പു നല്കുന്നുണ്ട്. ആ ഉറപ്പു ലംഘിക്കുന്നവരെ അർഹമായ വിധത്തിൽ ശിക്ഷിക്കാൻ നിയമങ്ങളുമുണ്ട്. നീതിയുടെ വഴിയിൽ ആരും കല്ലും തടിയും വലിച്ചിടരുത്. അതു ജനദ്രോഹമാണ്. അതാണിന്നു കേരളത്തിൽ തുടരെ സംഭവിക്കുന്നത്. ഈ കിരാത നടപടികൾക്കറുതി വരുത്താൻ സർക്കാരിനു കഴിയുന്നില്ലെങ്കിൽ ജനങ്ങളുടെ കോടതിയിൽ നിന്ന് അവർ കടുത്ത ശിക്ഷ ഏറ്റുവാങ്ങേണ്ടി വരും.**

കേരളത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ ഉണ്ടായ പ്രമാദമായ പല കേസുകളോടും ബന്ധപ്പെടുത്തി ഈ ചെറുപ്പക്കാരന്റെ പേരു കേൾക്കുന്നു. ഇതൊട്ടും സന്തോഷകരമല്ല. മന്ത്രിയുടെ പുത്രനായതുകൊണ്ടു വാതിലടച്ച് പുറത്തിറങ്ങാതെ ഇരുന്നുകൊള്ളണം എന്നാരും പറയില്ല. പക്ഷേ, ആ സൗകര്യമുപയോഗിച്ച് ഏതു തോന്ന്യാസവും കാണിക്കാൻ അനുവാദവുമില്ല.

ഇക്കാര്യത്തിൽ ജനവിശ്വാസം വീണ്ടെടുക്കാൻ നമ്മുടെ ആഭ്യന്തരമന്ത്രി വേണ്ടതു ചെയ്തേ പറ്റൂ. സ്വന്തം മകന്റെ പേരിൽ മാധ്യമങ്ങളിൽ ആരോപണം നിറയുന്നത് ഒരച്ഛനും സഹിക്കാൻ കഴിയില്ല. ജീവിതസ്വാസ്ഥ്യം നഷ്ടപ്പെടുത്തക്കവിധം ഒരാളുടെ പേരിൽ നിരന്തരം ആരോപണങ്ങളുയരുന്നത് അയാൾക്കും ഹിതകരമല്ല. അതുകൊണ്ടു നിയമനീതികൾ അനുശാസിക്കുന്ന മാർഗം തെരഞ്ഞെടുത്ത് രാഷ്ട്രീയശുദ്ധി നിലനിർത്താൻ ഇനിയെങ്കിലും ബഹുമാനപ്പെട്ട മന്ത്രി തയ്യാറായേ മതിയാവൂ.

ഒരു കൊലപാതകമുണ്ടായാൽ കൊലപാതകിയുടെ രാഷ്ട്രീയവും മതവും ജാതിയുമൊന്നും ആരും പരിശോധിക്കാറില്ല. കുറ്റക്കാരെ കണ്ടെത്തി ഉചിതമായ ശിക്ഷ നല്കുകയാണു വേണ്ടത്. പക്ഷേ, പോൾ വധത്തിൽ സംഭവിച്ചതെന്താണ്? വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ വാർത്താ സമ്മേളനങ്ങൾ നടത്തി പ്രതികൾ എതിർകക്ഷിക്കാരാണെന്നു പ്രഖ്യാപിക്കുക! ഇതു കേരളത്തിൽ ആദ്യമാണ്. കേസന്വേഷണത്തിൽ പോലീസുകാർക്കു രാഷ്ട്രീയ നേതാക്കൾ പരസ്യമാർഗനിർദേശം നല്കുന്നതും ആദ്യം. ഇതൊക്കെ എന്തിന്റെ തുടക്കമാണ്? ഉത്തരം കിട്ടാതെ ജനങ്ങൾ പകച്ചു നില്ക്കുന്നു.

ഇന്ത്യൻ ഭരണഘടന ഓരോ പൗരന്റെയും ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പു നല്കുന്നുണ്ട്. ആ ഉറപ്പു ലംഘിക്കുന്നവരെ അർഹമായ വിധത്തിൽ ശിക്ഷിക്കാൻ നിയമങ്ങളുമുണ്ട്. നീതിയുടെ വഴിയിൽ ആരും കല്ലും തടിയും വലിച്ചിടരുത്. അതു ജനദ്രോഹമാണ്. അതാണിന്നു കേരളത്തിൽ തുടരെ സംഭവിക്കുന്നത്. ഈ കിരാത നടപടികൾക്കറുതി വരുത്താൻ സർക്കാരിനു കഴിയുന്നില്ലെങ്കിൽ ജനങ്ങളുടെ കോടതിയിൽ നിന്ന് അവർ കടുത്ത ശിക്ഷ ഏറ്റുവാങ്ങേണ്ടി വരും.

# പാരിസ്ഥിതിക സന്തുലിതാവസ്ഥ തകിടം മറിക്കുന്ന ആഗോളതാപനം

**വി**കസിത, വികസ്വരഭേദമെന്യേ എല്ലാ രാജ്യങ്ങളും അഭിമുഖീകരിക്കുന്നതും ഉത്ക്കണ്ഠപ്പെടുന്നതുമായ പ്രശ്നമാണ് ആഗോളതാപനം. ഐക്യരാഷ്ട്രസഭയുടെ ചർച്ചാ വിഷയങ്ങളിൽ പ്രഥമപരിഗണന ഇന്ന് ആഗോളതാപനത്തിനാണ്. എത്രമാത്രം ഗുരുതരവും ഭീതിദവുമാണ് ഈ പ്രശ്നം എന്നതിലേക്കാണ് ഇതു വിരൽ ചൂണ്ടുന്നത്. വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറംതള്ളുന്ന വിഷവാതകങ്ങളാണ് ഈ ആഗോള വിപത്തിന് വഴിവയ്ക്കുന്ന പ്രധാനഘടകം.



മനുഷ്യന് എന്നതുപോലെ തന്നെ മറ്റു ജീവജാലങ്ങൾക്കും ഇതുമൂലം നിലനില്പ് ഭീഷണിയിലായിരിക്കുന്നു. പ്രത്യേകിച്ച് ജലജീവികളുടേത്. സമുദ്രത്തിലെയും മറ്റു ജലസ്രോതസ്സുകളിലെയും താപനിലയിൽ ഉണ്ടാകുന്ന വർധനയും ഏറ്റക്കുറച്ചിലുകളും ആവാസവ്യവസ്ഥയെ തകിടംമറിക്കുകയും പരസഹസ്രം ജീവജാലങ്ങളുടെ വംശനാശത്തിനുപോലും വഴിവയ്ക്കുകയും ചെയ്യും.

അമിതമായ താപോർജം അന്തരീക്ഷത്തിലേക്കു പുറംതള്ളുന്നതു മൂലം അന്തരീക്ഷ ഊഷ്മാവ് ഉയരുകയും ഭൂമിയിലെ എല്ലാ ആവാസവ്യവസ്ഥകളെയും അതു ബാധിക്കുകയും ചെയ്യും. താപവൈദ്യുത നിലയങ്ങളും ആണവനിലയങ്ങളും സ്ഥാപിതമായതോടെയാണ് ഈ പ്രശ്നം രൂക്ഷമായത്. യന്ത്രഭാഗങ്ങൾ തണുപ്പിക്കാനായി ഈ നിലയങ്ങൾ ധാരാളം ജലം സമീപസ്രോതസ്സുകളിൽ നിന്ന് എടുക്കുകയും ഉയർന്ന താപനിലയിൽ തിരികെ വിടുകയും ചെയ്യുന്നു. ഒരാണവനിലയത്തിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഇരട്ടിയോളം വരുന്ന ഊർജം ഇങ്ങനെ പുറംതള്ളപ്പെടുന്നുണ്ട്. ഇന്ധനമുപയോഗിക്കുന്ന താപനിലയങ്ങൾ 60 ശതമാനം ഊർജം നഷ്ടപ്പെടുത്തുകയാണ്.

താപമലിനീകരണം ഏറ്റവുമധികം ബാധിക്കുന്നത് ജലാശയങ്ങളിലെ സസ്യജീവജാലങ്ങളെയാണ്. ഉയർന്ന താപനില ജലജീവികളുടെ കോശങ്ങളിലെ കൊഴുപ്പ് ഉരുക്കുകയും പ്രോട്ടീൻ സാന്ദ്രീകരണത്തിനിടയാക്കുകയും ചെയ്യും. ഇത് കോശസ്തരങ്ങളുടെ പ്രവേശ്യതയെ ബാധിക്കുകയും എൻസൈം പ്രവർത്തനം ത്വരിതപ്പെടുത്തുകയും ചെയ്യും. ഉപചയ പ്രവർത്തനങ്ങൾ വേഗത്തിലാകാനും ഓക്സിജന്റെ ചോദനം വർധിക്കാനും ഉയർന്ന താപനില കാരണമാകുന്നു. ഉയർന്ന താപനിലയിൽ ഓക്സിജൻ കുറയുന്നത് ക്ഷീണം വർധിക്കുന്നതിനും ജീവിതദൈർഘ്യം കുറയുന്നതിനും ഇടയാക്കുന്നു.

കുടിയേറ്റക്കാരായ ചില ജലജീവികൾ മുട്ടയിടാനായി അഴിമുഖത്തുനിന്ന് മുകളിലേക്ക് നീന്തിവരാറുണ്ട്. ഒരു ഭാഗത്തുണ്ടാകുന്ന താപവർധന ഇത്തരം സമൂഹങ്ങൾക്ക് മുട്ടയിടൽ പ്രദേശം അപ്രാപ്യമാക്കുന്നതുവഴി അവയുടെ വംശവർധനയെ ബാധിക്കുന്നു.

ചൂടായ വെള്ളത്തിൽ ഓക്സിജന്റെ അളവ് കുറയും. താപമലിനീകരണം കൊണ്ടു വെള്ളം ചൂടാവുകയും കൂടുതൽ ലയിച്ചിരിക്കുന്ന ഓക്സിജൻ കുമിളകളായി പുറത്തുവരികയും ചെയ്യും. ചില ജലജീവികളുടെ ശരീരത്തിലും ഇത് സംഭവിക്കാം. മത്സ്യങ്ങളിൽ ഈ കുമിളകൾ ചെകിളകളിൽ തങ്ങിനില്ക്കുകയും അവയുടെ സ്വഭാവികശ്വസനം ദുഷ്കരമാകുകയും ചെയ്യും. ഇത് അവയുടെ മരണത്തിനിടയാക്കും. വാതകക്കുമിളരോഗം എന്നാണ് ഇത് അറിയപ്പെടുന്നത്.

ചൂടായ ജലം ഉപരിതലത്തിൽ പൊങ്ങിക്കിടക്കും. അതിൽ ഓക്സിജന്റെ അളവു കുറവായിരിക്കും. ഉയർന്ന താപനില സഹിക്കാനാകാത്ത ജനുസ്സുകളും താഴെ തണുത്ത വെള്ളത്തിലേക്ക് കുടിയേറുന്നു. അവിടെയും ഓക്സിജന്റെ അളവ് കുറയാൻ ഇത് കാരണമാക്കും. ജൈവാവശിഷ്ടങ്ങൾ കലർന്നതാണ് ചൂടുവെള്ളമെങ്കിൽ അവയെ നശിപ്പിക്കാൻ സൂക്ഷ്മാണു പ്രവർത്തനം ഊർജിതപ്പെടുകയും ഓക്സിജന്റെ അളവ് വീണ്ടും കുറയുകയും ചെയ്യാം. ഇതും ജലജീവികളുടെ നിലനില്പിനെ ബാധിക്കും.

ചൂടുവെള്ളത്തിൽ ജൈവ അമ്ലങ്ങളും ഹൈഡ്രജൻ, സൾഫൈഡ്, അമോണിയ എന്നിവയും ചിലപ്പോഴുണ്ടാകാം. ഉയർന്ന താപനില ഇവയുടെ ലേയത്വം വർധിപ്പിക്കും. ഓക്സിജന്റെ ലേയത്വം കുറയുകയും ചെയ്യും. ഇതു രണ്ടും കൂടിയാവുമ്പോൾ ജലാശയത്തിന്റെ മൊത്തം ഘടനയ്ക്ക് മാറ്റമുണ്ടാകും. മിക്ക ജീവികളുടെയും നാശത്തിനോ പലായനത്തിനോ ഇടയാക്കുകയും ചെയ്യും. താപസഹിഷ്ണുതയുള്ള മറ്റു ചില ജനുസ്സുകൾ മത്സരം നേരിടാതെ അമിതമായി വളരാൻ തുടങ്ങും. ഇത് ജൈവവൈവിധ്യം ഇല്ലാതാക്കും. സാമ്പത്തിക പ്രാധാന്യമുള്ള പല ജീവികളും വംശനാശത്തിലേക്കു നീങ്ങുകയും ചെയ്യും. ⊙



CYAN MAGENTA YELLOW BLACK

## പ്രതിച്ഛായാ സുഹൃത്തുക്കളുടെ പ്രത്യേക ശ്രദ്ധയ്ക്ക്

**പ്രതിച്ഛായയുടെ വരിസംഖ്യ യഥാസമയം പുതുക്കുന്നതിൽ ചില സുഹൃത്തുക്കളെങ്കിലും അലംഭാവം കാണിക്കുന്നുണ്ട്. ഓരോ വായനക്കാരനും വാരിക 'എന്റെ സ്വന്തം' എന്നു കരുതി വാരികയുടെ നിലനില്പ് ഉറപ്പാക്കുന്നതിനുവേണ്ടി അല്പം ത്യാഗം ചെയ്യാൻ തയ്യാറാകണമെന്നാണു ഞങ്ങളുടെ അപേക്ഷ.**

**ദയവായി വരിസംഖ്യാ കാലാവധി കഴിഞ്ഞവർ 300 രൂപ ഉടൻതന്നെ മണിയോർഡറായോ ചെക്കായോ അയച്ചുതന്ന് സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. അതല്ല, എളുപ്പമെങ്കിൽ അടുത്തുള്ള കേരളാ കോൺഗ്രസ് (എം) ഭാരവാഹികളിൽ ആരെയെങ്കിലും ഏല്പിച്ചാലും മതിയാകും.**

**വാരിക എല്ലാ ആഴ്ചയും വ്യാഴം അല്ലെങ്കിൽ വെള്ളി ദിവസങ്ങളിൽ കൃത്യമായി അയയ്ക്കുന്നുണ്ട്. ശനിയാഴ്ചയോ തിങ്കളാഴ്ചയോ അതു കേരളത്തിന്റെ ഏതുഭാഗത്തും ലഭിക്കേണ്ടതാണ്. വാരിക മുടങ്ങുന്നുവെങ്കിൽ സ്ഥലത്തെ പോസ്റ്റോഫീസിൽ അന്വേഷിക്കാൻ മറക്കരുത്.**

### ഓണപ്പതിപ്പ്

**പ്രതിച്ഛായയുടെ ഓണപ്പതിപ്പു ഇനിയും കിട്ടുമോ എന്നു പലരും അനേഷിക്കുന്നുണ്ട്. ഏതാനും കോപ്പികൾ കൂടി അത്യാവശ്യമുള്ളവർക്കു കൊടുക്കാൻ ഓഫീസിലുണ്ട്. താത്പര്യമുള്ളവർ 70 രൂപാ മണിയോർഡർ അയച്ചാൽ ഓണപ്പതിപ്പു തപാലിൽ അയച്ചുതരുന്നതാണ്. 50 രൂപ ഓഫീസിൽ നേരിട്ടെത്തിച്ചും കോപ്പികൾ വാങ്ങാവുന്നതാണ്.**

**ഫിനാൻസ് മാനേജർ**

Best Compliments

**Shri.K.J.Vasudevan Nair**

**Granites Works**

**Thadaparambu**

**Mulamkunnathukavu P.O**

**Thrissur**

**Pin - 680 581**

**>> 1**

**പ്രശസ്ത ചരിത്രകാരനായ ആർനോൾഡ് ടോയ്ൻബി എഴുതി: "ഈ അണുയുഗത്തിൽ രാഷ്ട്രീയമായും സാമൂഹികമായും ധാർമികമായുമുള്ള അക്രമത്തിൽ നിന്നുള്ള മോചനത്തിന് എന്റെ ഒറ്റമൂലി ഇതാണ്. സമാധാനത്തിന്റെ അപ്പസ്തോലനായ ഗാന്ധിജിയുടെ അക്രമരാഹിത്യസിദ്ധാന്തം. ഗാന്ധിജി ഈ കാലഘട്ടത്തിന്റെ പ്രവാചകനാണ്."**

ദൈവദത്തമായ മനസ്സാക്ഷിയുടെ സത്പ്രേരണയ്ക്കനുസൃതം ചിന്തിക്കയും ചിന്തയ്ക്കനുരൂപമായി മാത്രം സംസാരിക്കുകയും വാക്കുകൾക്കു നിരക്കുന്നതു മാത്രം പ്രവർത്തിക്കുകയും ചെയ്യുന്ന നേർബുദ്ധിയായിരുന്നു അദ്ദേഹത്തെ നയിച്ചതും. സത്യവും അഹിംസയുമാണ് തന്റെ വിശ്വാസത്തിന്റെ ആളും പൊരുളുമാണ് ഗാന്ധിജി സുവ്യക്തമാക്കിയിട്ടുണ്ട്.

ഗാന്ധിദർശനം കാലഹരണപ്പെട്ടെന്നും മഹാത്മജി തികഞ്ഞ യാഥാസ്ഥിതികനായിരുന്നെന്നും ഗാന്ധിസം പത്തൊമ്പതാം നൂറ്റാണ്ടിന്റെ വേദാന്തമാണെന്നുമൊക്കെ പരിഹസിക്കുന്നവർ ഗാന്ധിയൻ ദർശനത്തിന്റെ മഹത്വം സൗകര്യപൂർവം വിസ്മരിക്കുകയാണ്.

'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്നു പറഞ്ഞ മഹാത്മജിയുടെ ആത്മാവിനെ ഇതു നൊമ്പരപ്പെടുത്തുന്നുണ്ടാവും.

മുൻ രാഷ്ട്രപതി ഡോ.എസ്.രാധാകൃഷ്ണന്റെ അഭിപ്രായത്തിൽ ഭാരത സംസ്കാരം ഔന്നത്യത്തിന്റെ അത്യുച്ചിയിലെത്തിയതു മഹാത്മജിയിലാണ്. ഈ അഭിപ്രായത്തിന് വൈകിവന്ന വസന്തംപോലെ സംലഭ്യമായ അംഗീകാരമാണ് ഐക്യരാഷ്ട്രസഭയുടെ പ്രഖ്യാപനം. രക്തമാംസാദികളോടെ ഇങ്ങനെയൊരു മനുഷ്യൻ ഒരു കാലത്ത് ഭൂമുഖത്ത് ജീവിച്ചിരുന്നോ എന്നുപോലും പില്ക്കാല തലമുറ സംശയിച്ചേക്കുമെന്നാണ് ഐൻസ്റ്റീൻ അഭിപ്രായപ്പെട്ടിട്ടുള്ളത്. മനുഷ്യരെല്ലാം സമന്മാരെന്നു കരുതിയ മഹാത്മജിക്കു തുല്യനായി സമീപകാലത്ത് മാറ്റാരുമുണ്ടായിട്ടില്ലെന്നാണ് വിൻസെന്റ് ഷിൻ, ഗാന്ധിജിയുടെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ബർണാഡ്ഷായുടെ അഭിപ്രായത്തിൽ മഹാത്മജി കേവലമൊരു മനുഷ്യനല്ല; പ്രത്യുത ഒരു അത്ഭുതപ്രതിഭാസമാണ്. ഗാന്ധിജിയെ നഖശിഖാന്തം എതിർത്തിരുന്ന ബ്രിട്ടീഷ് ഗവൺമെണ്ട് പിന്നീട് സ്മാരകസ്റ്റാമ്പിറക്കി അദ്ദേഹത്തെ ആദരിച്ചു എന്നത് സവിശേഷ പ്രാധാന്യമർഹിക്കുന്നു.



ലോകത്ത് സമഗ്രമായൊരു ദർശനമായിരുന്നു മഹാത്മജി നല്കിയത്. സർവസ്പർശിയും ചിരകാല പ്രസക്തവും കാലദേശാതീതവുമാണ് ഗാന്ധിസം. വർഗ-വർണ-ലിംഗഭേദാതീതമാണത്. വർധമാനമായ സ്വീകാര്യതയാണ് ഗാന്ധിയൻ ചിന്താധാര ലോകമെമ്പാടും നേടിക്കൊണ്ടിരിക്കുന്നത്.

അഹിംസ എന്ന മഹത്തായ ആശയത്തെ ഒരു തത്ത്വസംഹിതയായി ക്രോഡീകരിച്ച മഹാത്മജി അഹിംസയ്ക്ക് അഭിനവമാനങ്ങളും തലങ്ങളും നല്കി. ഒരു അഹിംസാത്മകന് അവശ്യം ഉണ്ടായിരിക്കേണ്ട ഉദാത്തമായ ജീവിതദർശനവും ഉത്കൃഷ്ടമായ ജീവിതരീതിയും അഭിലഷണീയമായ വ്യക്ത്യന്തരബന്ധശൈലിയും മറ്റും അദ്ദേഹം സോദാഹരണം വിശദീകരിച്ചിട്ടുണ്ട്.

കോടതിവിചാരണ മധ്യേ ഗാന്ധിജി ഒരിക്കൽ പറഞ്ഞു: "അഹിംസ എന്റെ വിശ്വാസപ്രമാണത്തിലെ ആദ്യപൊരുളാണ്. അതിലെ അവസാനവകുപ്പും അതുതന്നെ. പരാജയമെന്തെന്നറിയാത്ത ധർമശാസ്ത്രമാണ് അഹിംസ. 'പല്ലിനുപകരം പല്ല്' എന്ന കാട്ടുനീതിക്കെതിരെ സാർത്ഥകവും പ്രായോഗികവും ഫലപ്രദവുമായ നീതിശാസ്ത്രമാണത്.

ഗാന്ധിജി പറഞ്ഞു: "ദുർബലന്റെ ആയുധമാണ് ഹിംസ. ശക്തന്റേതാകട്ടെ അഹിംസയും. സ്നേഹത്തിലൂടെ മാത്രമേ നമുക്ക് എതിരാളിയുടെ മേൽ വിജയം ഉറപ്പാക്കാനാകൂ." ഭഗവദ്ഗീതയും ഖുറാനും ബൈബിളും ഇക്കാര്യത്തിൽ മഹാത്മജിയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അഹിംസയെ മഹാത്മജി മുറുകെ പിടിച്ചു. അദ്ദേഹം അതിനുവേണ്ടി ജീവിക്കുകയും ജീവൻ ബലി അർപിക്കുകയും ചെയ്തു.

പ്രശസ്ത ചരിത്രകാരനായ ആർനോൾഡ് ടോയ്ൻബി എഴുതി: "ഈ അണുയുഗത്തിൽ രാഷ്ട്രീയമായും സാമൂഹികമായും ധാർമികമായുമുള്ള അക്രമത്തിൽ നിന്നുള്ള മോചനത്തിന് എന്റെ ഒറ്റമൂലി ഇതാണ്. സമാധാനത്തിന്റെ അപ്പസ്തോലനായ ഗാന്ധിജിയുടെ അക്രമരാഹിത്യസിദ്ധാന്തം. ഗാന്ധിജി ഈ കാലഘട്ടത്തിന്റെ പ്രവാചകനാണ്."

ഗാന്ധിദർശനമെന്തെന്ന് അതിന്റെ സമഗ്രതയിൽ അറിയുക എന്നത് തികച്ചും അസാധ്യം തന്നെ. ഗാന്ധിസത്തെപ്പറ്റി എല്ലാമറിയാമെന്നു ഭാവിക്കുന്ന വ്യക്തിക്ക് അതേപ്പറ്റി ഒന്നുമറിയില്ല എന്നതാണ് യാഥാർത്ഥ്യം. മഹാത്മജിയെപ്പറ്റി പഠിച്ചുതുടങ്ങുന്ന ആർക്കും ബോധ്യപ്പെടുന്നത് സമ്പൂർണത അസാധ്യമെന്നു തന്നെയാണ്.

ചരിത്രത്തിലെ ചൈതന്യധന്യമായ ശാശ്വതസ്മരണയായി ആ മഹാത്മാവ് ജനകോടികളുടെ ഹൃദയങ്ങളിൽ എന്നെന്നും വിരാജിക്കും. അതോ യുഗത്തിന്റെ കണ്ണീരൊപ്പാൻ പുനർജനിക്കുമോയെന്നു വിശ്വസിച്ചുപോകും, ഡോ.സരോജിനി നായിഡുവിന്റെ വാക്കുകൾ സ്മരിച്ചാൽ. "ജഡം അഗ്നിനാളങ്ങൾ ഏറ്റുവാങ്ങിയ മഹാത്മജി ഇനിയും മരിച്ചിട്ടില്ല. തന്റെ മാർഗദർശനവും സ്നേഹവും സേവനവും പ്രചോദനവും യാചിച്ചുകൊണ്ടുള്ള ലോകത്തിന്റെ ആഹ്വാനവും തന്റെ ജനങ്ങളുടെ കദനകഥകളും കേട്ട് മൃതനായ മഹാത്മജി ഉയർത്തെഴുന്നേറ്റു. എന്റെ യജമാനനും നേതാവും പിതാവുമായ ഗാന്ധിജിയുടെ ആത്മാവിനു വിശ്രമമില്ലാതിരിക്കട്ടെ. എന്റെ പിതാവ് വിശ്രമം എന്തെന്ന് അറിഞ്ഞിട്ടേയില്ല. വിശ്രമിക്കുന്നതേയില്ല."

**(ചെയർമാൻ,
ഗാന്ധിജി സ്റ്റഡ്ഫോറം,
എച്ച്.ആർ.ഡി ട്രസ്റ്റ് പാലാ)**

അവലോകനം

ബോബി കെ. മാത്യു

# മനുഷ്യ ചങ്ങലകളും മനുഷ്യ മതിലുകളും ആർക്കുവേണ്ടി?

ആസിയാൻ കരാറുകൊണ്ട് ഏറ്റവുമധികം നഷ്ടമുണ്ടാകുന്നത് കമ്യൂണിസ്റ്റുകാർ പ്രചരിപ്പിക്കുന്നതുപോലെ കേരളത്തിനല്ല. ചൈനയ്ക്കാണ്. ഏഷ്യൻ മേഖലയിൽ ചൈന ആഗ്രഹിക്കുന്ന സാമ്പത്തികാധിപത്യം ആസിയാൻ കരാർ നിലവിൽ വരുമ്പോൾ ഇന്ത്യ പൂർണമായും കൈവരിക്കും. ചൈനയെ സഹായിക്കാനാണ് മാർക്സിസ്റ്റുപാർട്ടി ഈ കരാറിന്റെ ഗുണദോഷങ്ങളെ വിശകലനം ചെയ്യുന്നതിനുപകരം കരാർ അപ്പാടെ പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്നത്.

ഇന്ത്യയുടെ സ്വാതന്ത്ര്യമെന്നത് ഇന്ത്യൻ ബൂർഷ്വാസിയും ബ്രിട്ടീഷ് ബൂർഷ്വാസിയും തമ്മിലുള്ള ഒരു കരാർ മാത്രമാണ് എന്നതായിരുന്നു ദീർഘകാലം ആഗസ്റ്റ് പതിനഞ്ചിന് വഞ്ചനാദിനം ആചരിച്ചുകൊണ്ടിരുന്ന കമ്യൂണിസ്റ്റ് പാർട്ടികളുടെ പ്രഖ്യാപിത നയം. രാഷ്ട്രപിതാവ് ഗാന്ധിജിയാകട്ടെ ഇന്ത്യൻ ബൂർഷ്വാസിയുടെ നായകനും സാമ്രാജ്യത്വത്തിന്റെ വിനീതദാസനുമായിരുന്നു! സുഭാഷ് ചന്ദ്രബോസാകട്ടെ ജപ്പാൻകാരുടെ 'ചെരുപ്പുനക്കിയും.'

ഇന്ത്യയിലെ കോൺഗ്രസുകാർ ഗാന്ധിജി സിന്ദാബാദ് എന്നു വിളിച്ച് ആവേശംകൊണ്ടിരുന്ന കാലത്ത് ലെനിനിന്റെയും സ്റ്റാലിന്റെയും അപദാനങ്ങൾ വാഴ്ത്തി ലഘുലേഖകൾ എഴുതിയും 'റഷ്യയെന്നൊരു നാടുണ്ട്, പോകാൻ കഴിഞ്ഞെങ്കിലെന്തു ഭാഗ്യം' എന്ന കവിതയെഴുതിയും ഇന്ത്യാക്കാരുടെ ദേശീയ ബോധത്തെ എല്ലാ നാളുകളിലും പരിഹസിച്ചിരുന്നു.



*ഗാന്ധിജി*

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ കഥമാറിയിരിക്കുന്നു. കമ്യൂണിസ്റ്റുകാർ എല്ലാ ദേശീയ ദിനങ്ങളും കരസ്ഥമാക്കിയിരിക്കുന്നു. സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, ഗാന്ധിജയന്തി, ഗാന്ധിസമാധി എന്നീ ദേശീയ ദിനങ്ങളിൽ ഇന്ത്യൻ മാർക്സിസ്റ്റ് പാർട്ടി ഇന്ത്യയുടെ ഐക്യം കാത്തുസൂക്ഷിക്കാൻ ദേശസുരക്ഷാ സംഗമം ദേശഭക്തി സംഗമം, ഇത്യാദി പേരുകളിൽ രാഷ്ട്രീയ അഭ്യാസ പ്രകടനങ്ങൾ നടത്താൻ തുടങ്ങിയിരിക്കുന്നു. ഒരു രാഷ്ട്രീയ കുറ്റബോധത്തിന്റെ പ്രകടിത രൂപമായിരിക്കുന്നു മാർക്സിസ്റ്റ് മേളകൾ.

ക്വിറ്റ് ഇന്ത്യാ സമരത്തെ തള്ളിപ്പറഞ്ഞും അതിൽ പങ്കെടുത്ത കോൺഗ്രസുകാരെ ഒറ്റിക്കൊടുത്തും സമ്പാദിച്ച പണവും സ്ഥാനമാനങ്ങളും കമ്യൂണിസ്റ്റുകാരെ എന്നും വേട്ടയാടിക്കൊണ്ടിരിക്കും. അതിൽ നിന്നുള്ള രക്ഷപ്പെടലുകളാണ് ഇത്തരം സംഗമങ്ങൾ. ഇക്കുറി ഗാന്ധിജയന്തിദിനത്തിൽ മനുഷ്യ ചങ്ങലയാണ് സംഘടിപ്പിക്കുന്നത്.

ആസിയാൻ രാജ്യങ്ങളുമായി ഇന്ത്യയുണ്ടാക്കിയ ആസിയാൻ കരാർ റദ്ദാക്കണമെന്നും കേന്ദ്രഗവൺമെണ്ടിന്റെ അവഗണന അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് കാസർകോഡു മുതൽ തിരുവനന്തപുരം വരെ മാർക്സിസ്റ്റു പാർട്ടി മനുഷ്യ ചങ്ങല പിടിക്കുന്നത്. 1987 ആഗസ്റ്റ് പതിനഞ്ചിന് ഇന്ത്യയുടെ ഐക്യം കാത്തുസൂക്ഷിക്കാനെന്ന പേരിലാണ് മാർക്സിസ്റ്റ് നേതൃത്വം മനുഷ്യ ചങ്ങല പിടിച്ചത്. അതിന്റെ തനിയാവർത്തനം പോലെ 2009 ലും മനുഷ്യ ചങ്ങലയുമായി കമ്യൂണിസ്റ്റുകാർ.

ആസിയാൻ കരാറുകൊണ്ട് ഏറ്റവുമധികം നഷ്ടമുണ്ടാകുന്നത് കമ്യൂണിസ്റ്റുകാർ പ്രചരിപ്പിക്കുന്നതുപോലെ കേരളത്തിനല്ല. ചൈനയ്ക്കാണ്. ഏഷ്യൻ മേഖലയിൽ ചൈന ആഗ്രഹിക്കുന്ന സാമ്പത്തികാധിപത്യം ആസിയാൻ കരാർ നിലവിൽ വരുമ്പോൾ ഇന്ത്യ പൂർണമായും കൈവരിക്കും. ചൈനയെ സഹായിക്കാനാണ് മാർക്സിസ്റ്റുപാർട്ടി ഈ കരാറിന്റെ ഗുണദോഷങ്ങളെ വിശകലനം ചെയ്യുന്നതിനുപകരം കരാർ അപ്പാടെ പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്നത്.

ഇന്തോ-ചൈന യുദ്ധം ഉണ്ടായപ്പോൾ പൂർണമായും ഇവരുടെ പാർട്ടി ചൈനയുടെ കൂടെയായിരുന്നു. ചൈന അതിർത്തിയിൽ നമ്മുടെ രാജ്യത്തിനെതിരെ കൈയേറ്റം നടത്തി ഇന്ത്യയെ ഒരു യുദ്ധത്തിലേക്ക് വലിച്ചിഴച്ചപ്പോഴും യുദ്ധമുഖത്ത് ഇന്ത്യ ധീരമായി പോരാടുമ്പോഴും ഇ.എം.എസ് എഴുതി, "യുദ്ധവെറി ഒഴിവാക്കാനും പാകിസ്ഥാനും ചൈനയുമായി നിലനില്ക്കുന്ന പ്രശ്നങ്ങൾ സമാധാനപരമായി പരിഹരിക്കാനും രംഗത്തിറങ്ങണമെന്ന് ആഹ്വാനം ചെയ്യുന്നു."

ഇഎംഎസിന്റെ ആഹ്വാനം വരുന്നതിന് എത്രയോ മുമ്പുതന്നെ നെഹ്റു അയൽ രാജ്യങ്ങളുമായുള്ള അഭിപ്രായ വ്യത്യാസങ്ങളെപ്പറ്റി പറഞ്ഞത്, "അശോക ചക്രവർത്തിയുടെ ഹൃദയത്തിൽ ശീതയുദ്ധങ്ങളുണ്ടായിരുന്നില്ല." ആദർശാത്മകതയുടെ ഉന്നത തലത്തിൽ നിന്നു മാത്രമായിരുന്നു ജവഹർലാൽ നെഹ്റു, ചൈനയും പാകിസ്ഥാനുമായും ബന്ധം നിലനിർത്തുന്നതിനെക്കുറിച്ച് ചിന്തിച്ചിരുന്നത്. എന്നിട്ടും ഇരു രാജ്യങ്ങളും നമ്മളെ വഞ്ചിച്ചു. അപ്പോളാണ് ഇ.എം.എസിന്റെ മേല്പറഞ്ഞ പ്രസ്താവന പുറത്തുവരുന്നത്. ഒരിക്കൽ പോലും പാകിസ്ഥാന്റെയോ ചൈനയുടെയോ ആക്രമണോൽസുകതയെ തുറന്ന് എതിർക്കാൻ കമ്യൂണിസ്റ്റ് പ്രസ്ഥാനം തയ്യാറായിട്ടില്ല.



*ജവഹർലാൽ നെഹ്റു*

ആസിയാൻ കരാറിനും ഇന്ത്യാഗവൺമെണ്ടിനും എതിരേ സമരം ചെയ്യുന്ന കമ്യൂണിസ്ററുകാർ, ചൈന നടത്തിയ കൈയേറ്റ ശ്രമങ്ങളെയും പാകിസ്ഥാൻ അതിർത്തിയിൽ തുടർന്നുകൊണ്ടിരിക്കുന്ന വെടിവയ്പ്പിനെപ്പറ്റിയും നിസ്സംഗത പുലർത്തുന്നു. ഇന്ത്യയുടെ ഭാഗമായി ഐക്യരാഷ്ട്രസഭ വരെ അംഗീകരിക്കുന്ന അരുണാചൽ പ്രദേശിൽ ദലൈലാമ സന്ദർശനം നടത്തുന്നതിൽ ചൈനീസ് ഗവൺമെണ്ട് പ്രതിഷേധം അറിയിക്കുന്നു. അമേരിക്ക ക്യൂബയ്ക്കെതിരേ നടത്തുന്ന ഉപരോധത്തിനെതിരേ പ്രതിഷേധപ്രകടനങ്ങളും സെമിനാറുകളും നടത്തുന്ന പ്രകാശ് കാരാട്ടും സീതാറാം യെച്ചൂരിയും ചൈനയുടെ വിദേശനയത്തിനെതിരേ യാതൊന്നും സംസാരിക്കുന്നില്ല.



*സുഭാഷ് ചന്ദ്രബോസ്*

ദലൈലാമയും കൂട്ടരും പ്രാണരക്ഷാർത്ഥം തിബററിൽ നിന്ന് ഇന്ത്യയിലേക്ക് പലായനം ചെയ്തപ്പോൾ; ചൈന തിബറ്റിൽ അതിക്രമിച്ച് കയറിയതിന്റെയും അതിക്രമങ്ങൾ കാട്ടിയതിനെയും ന്യായീകരിച്ച് ഇഎംഎസ് എഴുതി, "ചൈനീസ് പീപ്പിൾസ് റിപ്പബ്ലിക്കിലെ തിബറ്റൻ പ്രദേശത്ത് നടന്നത് ഫ്യൂഡൽ പ്രഭുക്കന്മാരും മതഭ്രാന്തന്മാരുമായ ലാമമാരും സംഘടിപ്പിച്ച കലാപമാണ്. എല്ലാ പരിഷ്ക്കാരങ്ങളും തടയുകയും മർദ്ദനഏകാധിപത്യ വാഴ്ച തിരിച്ചുകൊണ്ടുവരികയുമായിരുന്നു അവരുടെ ലക്ഷ്യം. ഈ കലാപകാരികൾക്ക് സാമ്രാജ്യത്വ ശക്തികളുടെ പ്രോത്സാഹനവും ഭൗതിക സഹായവും ലഭിച്ചിട്ടുണ്ട്."

ബുദ്ധമതത്തിന്റെ ജന്മനാടെന്ന നിലയിൽ ബുദ്ധമതത്തോട് വൈകാരികമായി ഏറെ ബന്ധം പുലർത്തുന്ന ഇന്ത്യയിലാണ്, ചൈനീസ് ഏകാധിപത്യ ഗവൺമെണ്ടിന്റെ പീഡനം സഹിക്കാതെ ദലൈലാമ അഭയം തേടിയത്. അങ്ങനെ അഭയം നല്കിയ ഇന്ത്യയും ഇ.എം.എസിന്റെ ദൃഷ്ടിയിൽ സാമ്രാജ്വത്വ ശക്തിയായി മാറി! ശത്രു ദുർബലനാകുമ്പോൾ ആഞ്ഞടിക്കണമെന്ന ലെനിന്റെ സിദ്ധാന്തം പ്രയോഗിക്കലാണ് ഇന്ത്യയിലെ മാർക്സിസ്റ്റ് നേതൃത്വം ചെയ്യുന്നത്. അച്യുതാനന്ദനെതിരെ പിണറായിയുടെ പരാതി തന്നെ, ലെനിനിസ്റ്റ് സിദ്ധാന്തം അച്യുതാനന്ദൻ അനുസരിക്കുന്നില്ലാ എന്നതായിരുന്നുവെന്ന് ഇവിടെ ഓർമിക്കാം.

അയൽരാജ്യങ്ങളായ പാകിസ്ഥാനും ചൈനയും നമ്മളെ അതിർത്തിയിൽ നിന്ന് രഹസ്യമായും പരസ്യമായും ആക്രമിച്ചു തുടങ്ങിയിരിക്കുന്നു. ചൈന നേപ്പാളിലൂടെ മാവോയിസ്റ്റ് സിദ്ധാന്തക്കാരെ ഇന്ത്യയിലേക്ക് നിർബാധം അഴിച്ചു വിടുന്നു. പ്രത്യക്ഷത്തിൽ ഇന്ത്യ ദുർബലമാണെന്ന തോന്നൽ ഉണ്ടായതുകൊണ്ടാവണം ഇന്ത്യയിൽ നിന്നുകൊണ്ട് മാർക്സിസ്റ്റ് നേതൃത്വം ഒക്ടോബർ രണ്ടിന് മനുഷ്യ ചങ്ങലയും അതിനു മുമ്പുള്ള കാൽനട പ്രചാരണജാഥകളും നടത്തുന്നത്. ⊙

*ഭരതവാക്യം:* കോൺഗ്രസുകാർ ജാഗ്രതൈ! ദേശീയദിനങ്ങളും കോൺഗ്രസ് നേതാക്കളുടെ ജന്മ, ചരമദിനങ്ങളും മാർക്സിസ്റ്റ് പാർട്ടി തട്ടിയെടുത്തേക്കാം. ഗാന്ധിജയന്തി, ഗാന്ധിസമാധി, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, നെഹ്റു ജയന്തി, ഇന്ദിരാഗാന്ധി രക്തസാക്ഷിത്വം, രാജീവ് ഗാന്ധി രക്തസാക്ഷിത്വം എന്നിവ മാർക്സിസ്റ്റ് പാർട്ടി, ഡിവൈഎഫ്ഐ, എസ്ഐഐ, സിഐടിയു, കർഷകസംഘം, മഹിള അസ്സോസിയേഷൻ എന്നിവർ വീതിച്ചെടുത്തേക്കും!

>>1

## ഗുണ്ടാരാജ് ജനാധിപത്യത്തിന്റെ അടിത്തറ ഇളക്കി

പോൾ എം.ജോർജിന്റെ കൊലപാതകത്തെുടർന്നു നടന്ന അന്വേഷണത്തിൽ അവ്യക്തതയും സംശയങ്ങളും നിലനില്ക്കുന്നു. അവ ദുരീകരിക്കുവാൻ മുഖ്യമന്ത്രിക്കും ആഭ്യന്തരമന്ത്രിക്കും ധാർമിക ബാധ്യതയുണ്ട്.

കേരളത്തിലെ നിയമവാഴ്ചയെ ഗ്രസിച്ചിരിക്കുന്ന ക്വട്ടേഷൻ സംഘങ്ങളുടെ ഭീതിദമായ ചിത്രം കൂടി ഈ സംഭവം മൂലം പുറത്തുവന്നിരിക്കുന്നു. ഇത്രയും ആശങ്കാ ജനകമായ അവസ്ഥ ഗുണ്ടാസംഘങ്ങൾ സൃഷ്ടിച്ചത് കഴിഞ്ഞ മൂന്നരവർഷം കൊണ്ടാണ്. ഗുണ്ടാലിസ്റ്റിൽ ഉൾപ്പെട്ട പലരും സംസ്ഥാനത്ത് പോലീസിനു മുന്നിലൂടെ സ്വൈരവിഹാരം നടത്തുന്നത് അത്തരക്കാർക്ക് ഭരണ നേതൃത്വത്തിലുള്ളവരോടുള്ള ബന്ധവും സ്വാധീനവുമാണ് വ്യക്തമാക്കുന്നതെന്നും കെ.എം.മാണി കൂട്ടിച്ചേർത്തു.

രാഷ്ട്രീയകേരളം

സാബു ജോൺ

# ഭീഷണി മാധ്യമങ്ങൾക്കും




സമൂഹത്തിൽ മാധ്യമങ്ങളുടെ പങ്ക് വിലയേറിയതാണ്. മാധ്യമങ്ങളെ ജനാധിപത്യത്തിന്റെ നാലാം തൂൺ എന്നു വിശേഷിപ്പിക്കുന്നത് ഈ പ്രാധാന്യം തിരിച്ചറിഞ്ഞു കൊണ്ടാണ്.

രാജ്യത്തെ ഭരണസംവിധാനത്തിന്റെ തെറ്റുതിരുത്തൽ ശക്തികൂടിയാണ് മാധ്യമങ്ങൾ. ജനങ്ങളുടെ ആവശ്യങ്ങളും ആവലാതികളും ഭരണാധികാരികളെ അറിയിച്ച് അവ പരിഹരിക്കുന്നതിലും മാധ്യമങ്ങൾ ചെറുതല്ലാത്ത പങ്കുവഹിക്കുന്നുണ്ട്.

ഇതെല്ലാം ജനാധിപത്യത്തിലെ കാര്യങ്ങളാണ്. ഏകാധിപത്യ ഭരണസംവിധാനം നിലനില്ക്കുന്ന രാജ്യങ്ങളിൽ മാധ്യമങ്ങൾക്ക് സ്വാതന്ത്ര്യം അനുവദിക്കാറില്ല. ഭരിക്കുന്നവർക്ക് പറയാനുള്ള കാര്യങ്ങൾ മാത്രം ജനങ്ങളെ അറിയിക്കുക എന്നുള്ളതു മാത്രമാണ് അവിടങ്ങളിൽ മാധ്യമങ്ങളുടെ പങ്ക്. അതുകൊണ്ടു തന്നെ ഈ രാജ്യങ്ങളിൽ നടക്കുന്ന കാര്യങ്ങൾ പുറംലോകം അറിയാറുമില്ല.

മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടണമെങ്കിലും വിവിധ വിഭാഗങ്ങളിൽ പെടുന്ന ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെങ്കിലും സ്വതന്ത്രമായ മാധ്യമപ്രവർത്തനം അനിവാര്യമാണ്. ഇന്ത്യയ്ക്കൊപ്പം സ്വാതന്ത്ര്യം കിട്ടിയ പല രാജ്യങ്ങളും ഏകാധിപത്യ ഭരണത്തിലേക്കു മാറിപ്പോയപ്പോഴും നമ്മുടെ രാജ്യം ജനാധിപത്യത്തിൽ ഉറച്ചു നിന്നതിനു പിന്നിൽ ഇവിടത്തെ മാധ്യമങ്ങൾക്കു വ്യക്തമായ പങ്കുണ്ടായിരുന്നു.

ഇത്രയുമൊക്കെ പറഞ്ഞുവന്നത് മാധ്യമപ്രവർത്തനത്തെക്കുറിച്ച് കേരള രാഷ്ട്രീയത്തിൽ ചില അപകടകരമായ അഭിപ്രായങ്ങൾ ഉയർന്നു വന്ന പശ്ചാത്തലത്തിലാണ്. പോൾ ജോർജ് മുത്തൂറ്റ് എന്ന യുവ ബിസിനസ്സുകാരന്റെ കൊലപാതകം ഉയർത്തിവിട്ട വിവാദങ്ങൾ 'ഇന്ന് മാധ്യമസ്വാതന്ത്ര്യം എവിടെ വരെ?' എന്ന ചോദ്യത്തിൽ എത്തി നില്ക്കുകയാണ്.

ഈ സംഭവത്തിൽ മാധ്യമങ്ങൾ പുറത്തുകൊണ്ടുവന്ന വിവരങ്ങളെക്കുറിച്ച് മാധ്യമപ്രവർത്തകരെ വിളിച്ചു വരുത്തി പോലീസ് ചോദ്യം ചെയ്യേണ്ടതാണെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ പരസ്യമായാണ് പറഞ്ഞത്. അദ്ദേഹത്തിന്റെ സംസാരം ഭീഷണിയുടെ സ്വരത്തിലായിരുന്നു എന്ന് പത്രസമ്മേളനം നേരിട്ടും ടെലിവിഷനിലൂടെയും കണ്ടവർക്കെല്ലാം വ്യക്തമായിരുന്നു.

എന്താണ് പിണറായിയുടെ പ്രകോപനത്തിനു കാരണമെന്ന് പെട്ടെന്ന് ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല. കാരണം ഗുണ്ടാസംഘങ്ങളുടെ ഇടപെടലുണ്ടായ ഒരു കൊലക്കേസ് ആണു സംഭവം. ഇതിൽ ഏതെങ്കിലും രാഷ്ട്രീയപാർട്ടികൾ നേരിട്ട് ഇടപെട്ടതായി മാധ്യമങ്ങളും ആരോപിച്ചിട്ടില്ല. ചില ഗുണ്ടാസംഘങ്ങളുടെ ഇടപെടലിനെക്കുറിച്ചാണ് റിപ്പോർട്ടുകൾ കൂടുതലും വന്നത്. കൂടാതെ പോലീസ് നടത്തിയ കള്ളക്കളികളും.

കേരളത്തിൽ ഗുണ്ടാസംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെട്ടു വരുന്നു എന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാകില്ല. അത് ഒരു സാമൂഹ്യവിപത്താണെന്ന കാര്യത്തിലും അഭിപ്രായവ്യത്യാസമുണ്ടാകില്ല. കേസ് അന്വേഷണങ്ങളിൽ പോലീസ് തിരിമറികൾ നടത്തുന്നത് കേരളത്തിൽ പുതുമയുള്ള കാര്യമല്ല. ഭരിക്കുന്നവരുടെ താത്പര്യത്തിന് കേസ് അന്വേഷണം വളച്ചൊടിച്ചതായി എത്രയോ ആരോപണങ്ങൾ ഇതേ പിണറായി വിജയൻ തന്നെ ഇതിനു മുമ്പ് ഉന്നയിച്ചിരിക്കുന്നു. എന്തിനേറെ, രാഷ്ട്രീയ പകപോക്കലിനായി പിണറായിയെ കള്ളക്കേസിൽ കുടുക്കുന്നു എന്ന ആരോപണം മുന്നോട്ടുവച്ച് സിബിഐക്കും കേന്ദ്ര സർക്കാരിനും ഗവർണർക്കുമെല്ലാമെതിരെ പ്രക്ഷോഭം നടത്തുകയാണ് അദ്ദേഹത്തിന്റെ പാർട്ടി ഇപ്പോഴും.

സാഹചര്യങ്ങൾ ഇങ്ങനെയായിരിക്കെ, പോലീസ് അന്വേഷണത്തിൽ വന്ന ചില പാളിച്ചകൾ ചൂണ്ടിക്കാണിച്ച മാധ്യമപ്രവർത്തകർക്കെതിരെ പിണറായി വിജയൻ ഇത്ര രൂക്ഷമായി പ്രതികരിക്കുന്നത് ആർക്കുവേണ്ടി എന്നതാണ് ചോദ്യം.

പോൾ വധക്കേസിൽ പോലീസ് തൊണ്ടിയായി കണ്ടെടുത്ത കത്തി പോലീസ് തന്നെ പണിയിപ്പിച്ചതാണെന്ന ഗുരുതരമായ ആരോപണമാണ് ഉയർന്നുവന്നത്. അത് വ്യക്തമായ തെളിവോടെയാണ് ഒരു മാധ്യമം പുറത്തുകൊണ്ടുവന്നത്. തൊണ്ടി മുതൽ കൃത്രിമമായി ഉണ്ടാക്കുന്നത് നിയമം അനുവദിക്കുന്നില്ല. എന്നാൽ പോലീസ് ഇങ്ങനെയും ചെയ്യേണ്ടി വരുമെന്ന് ടെലിവിഷൻ ചാനലിലൂടെ പരസ്യമായി പറഞ്ഞത് ഭരണപക്ഷത്തെ ഒരു എംഎൽഎയാണ്.

പോലീസ് കൃത്രിമമായി തെളിവു സൃഷ്ടിച്ചു എന്ന ആരോപണത്തെക്കുറിച്ച് അന്വേഷിച്ച് അതിന്റെ സത്യാവസ്ഥ പുറത്തു കൊണ്ടു വരികയായിരുന്നു സർക്കാർ ചെയ്യേണ്ടിയിരുന്നത്. കൃത്രിമമായി തെളിവു സംഘടിപ്പിച്ചു എന്ന വാർത്ത പുറത്തു കൊണ്ടുവന്നതോടെ ആ മാധ്യമത്തിന്റെ ജോലി അവസാനിച്ചു. പ്രമാദമായ കൊലക്കേസ് അന്വേഷണത്തിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ ഒരു തെറ്റാണ് ഇവിടെ പുറത്തുവന്നത്. അവശേഷിക്കുന്നത് സർക്കാരിന്റെ ജോലിയാണ്.

എന്നാൽ ആ ജോലി ചെയ്യാതെ കള്ളക്കളി പുറത്തുകൊണ്ടുവന്ന മാധ്യമപ്രവർത്തകരെ പോലീസ് ചോദ്യംചെയ്യണമെന്നു പറയുന്നതിനു പിന്നിലെ യുക്തി മനസ്സിലാകുന്നില്ല. എവിടെ നിന്ന് മാധ്യമപ്രവർത്തകർക്ക് ഈ വിവരം കിട്ടി എന്നറിയാനാണ് പിണറായി വിജയനു താത്പര്യം!

സാധാരണഗതിയിൽ പത്രപ്രവർത്തകർ വാർത്തകൾ ലഭിക്കാൻ പല സോഴ്സുകളെയും ആശ്രയിക്കാറുണ്ട്. സോഴ്സ് വെളിപ്പെടുത്തുക എന്നുപറയുന്നത് സാധാരണ ഒരു പത്രപ്രവർത്തകനും ചെയ്യാത്ത കാര്യമാണ്. മാത്രമല്ല, ഭരിക്കുന്ന കക്ഷിക്കോ സർക്കാരിനോ സോഴ്സ് തിരിച്ചറിഞ്ഞിട്ട് പ്രത്യേകിച്ച് ഒന്നും ചെയ്യാനുമില്ല.

6 >>

**മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടണമെങ്കിലും വിവിധ വിഭാഗങ്ങളിൽ പെടുന്ന ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെങ്കിലും സ്വതന്ത്രമായ മാധ്യമപ്രവർത്തനം അനിവാര്യമാണ്. ഇന്ത്യയ്ക്കൊപ്പം സ്വാതന്ത്ര്യം കിട്ടിയ പല രാജ്യങ്ങളും ഏകാധിപത്യ ഭരണത്തിലേക്കു മാറിപ്പോയപ്പോഴും നമ്മുടെ രാജ്യം ജനാധിപത്യത്തിൽ ഉറച്ചു നിന്നതിനു പിന്നിൽ ഇവിടത്തെ മാധ്യമങ്ങൾക്കു വ്യക്തമായ പങ്കുണ്ടായിരുന്നു.**

## അറിയേണ്ടും കാര്യങ്ങൾ

### ബ്രിട്ടണിൽ തൊഴിൽ രഹിതരുടെ എണ്ണം 25 ലക്ഷം!



തൊഴിൽരഹിതരുടെ എണ്ണം ബ്രിട്ടണിൽ ഒന്നരപതിറ്റാണ്ടത്തെ ഏറ്റവും ഉയർന്ന നിരക്കിലെത്തി. രാജ്യത്തെ ആകെ തൊഴിൽരഹിതർ ഇരുപത്തിനാലുലക്ഷത്തി എഴുപതിനായിരമാണെന്നാണ് ഔദ്യോഗിക കണക്ക്. ഇതോടെ തൊഴിൽരഹിതരുടെ നിരക്ക് 7.9 ശതമാനമായി ഉയർന്നു. സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് വൻകിട സ്ഥാപനങ്ങൾ ഉൾപ്പെടെ ജീവനക്കാരുടെ എണ്ണം വെട്ടിക്കുറച്ചതാണ് തൊഴിൽരഹിതരുടെ എണ്ണം ഇത്രയും കുതിച്ചുയരുവാൻ ഇടയാക്കിയത്.

ജൂലൈയിൽ സർക്കാരിന്റെ തൊഴിലില്ലായ്മാ വേതനം കൈപ്പറ്റിയവരുടെ എണ്ണം പതിനാലുലക്ഷത്തി പതിനായിരമായിരുന്നു. എന്നാൽ ആഗസ്റ്റിൽ മാത്രം 24400 പേരുടെ വർധനവ് ആണ് ഈ എണ്ണത്തിൽ ഉണ്ടായത്. തൊഴിൽ രഹിതരിൽ ഇരുപതുശതമാനവും 16–24 പ്രായപരിധിയിലുള്ള യുവാക്കളാണ്. തൊഴിൽ മേഖലയിലെ മാന്ദ്യം അകറ്റുവാൻ സർക്കാർ ക്രിയാത്മകമായി പ്രവർത്തിക്കുമെന്ന് തൊഴിൽ മന്ത്രി ജിം നെറ്റ് പറഞ്ഞു. ജി-7, യൂറോപ്യൻ യൂണിയൻ രാഷ്ട്രങ്ങളിലെ തൊഴിൽരഹിതരുടെ നിരക്കിനെക്കാൾ കുറവാണ് ബ്രിട്ടണിലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

### വൈകാരിക-ബുദ്ധി വളർച്ചയെ ലെഡ് തടയുന്നു



രക്തത്തിലെ ലെഡിന്റെ ചെറിയ അളവിലുള്ള സാന്നിധ്യം പോലും കുട്ടികളുടെ വൈകാരിക-ബുദ്ധി വളർച്ചയ്ക്ക് തടസ്സം സൃഷ്ടിക്കുമെന്ന് പഠന റിപ്പോർട്ട്. കേന്ദ്ര നാഡീവ്യൂഹത്തിന്റെ പ്രവർത്തനത്തെ ഇത് തകരാറിലാക്കുന്നു. ബ്രിട്ടണിലെ ആരോഗ്യപരിപാലന ഏജൻസി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് മുന്നറിയിപ്പ്.

പെയിന്റ്, പെട്രോളിയം ഉത്പന്നങ്ങൾ തുടങ്ങിയവയിൽ നിന്നും ലെഡ് ഒഴിവാക്കിക്കൊണ്ടുള്ള നിയമം ബ്രിട്ടണിൽ കർശനമാണ്. പക്ഷേ വ്യവസായ ശാലകളും മറ്റും പുറംതള്ളുന്ന മാലിന്യങ്ങൾ അന്തരീക്ഷത്തിൽ ലെഡിന്റെ അളവ് വർധിപ്പിക്കുന്നു. രക്തത്തിലെത്തിയാലും ഹാനികരമാകില്ലാത്ത ലെഡിന്റെ അളവായി വിദഗ്ദ്ധർ പറയുന്നത് പത്ത് മൈക്രോഗ്രാം/ നൂറ് മില്ലിലിറ്ററാണ്. എന്നാൽ ഈ അളവിലും ലെഡ് ശാരീരിക പ്രശ്നങ്ങൾ സൃഷ്ടിക്കും എന്ന നിഗമനത്തിലാണ് വിദഗ്ദ്ധർ എത്തിയിരിക്കുന്നത്.

ബ്രിസ്റ്റോൾ യൂണിവേഴ്സിറ്റി 30 മാസം പ്രായമുള്ള 582 കുട്ടികളുടെ രക്തസാമ്പിളുകൾ പരിശോധിച്ചപ്പോൾ 27 ശതമാനം കുട്ടികളിലും ലെഡിന്റെ അളവ് 5 മൈക്രോഗ്രാം/ 100 മില്ലിലിറ്ററിലും കൂടുതലാണെന്ന് കണ്ടെത്തി.

ലെഡിന്റെ സാന്നിധ്യം കുട്ടികളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ആദ്യം കണ്ടെത്തിയത് 1892ൽ ഓസ്ട്രേലിയായിലെ ബ്രിസ്ബെയ്നിലാണ്. ലോകത്താകമാനമുള്ള നഗരപ്രദേശങ്ങളിലെ അഞ്ചു വയസ്സിൽ താഴെ പ്രായമുള്ള ബഹുഭൂരിപക്ഷം കുട്ടികളിൽ ആശങ്കാകുലമായ അളവിൽ ലെഡിന്റെ സാന്നിധ്യം ഉണ്ടെന്ന് ലോകാരോഗ്യസംഘടന റിപ്പോർട്ടു ചെയ്തിരുന്നു.